# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 26-10-2016- ൽ

നം: 4589 മറുപടിയ്ക്ക്

## നൂനപക്ഷ വികസന കോർപ്പറേഷൻ ധനസഹായം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| **ശ്രീ. ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ. എ.പി. അനിൽ കുമാർ**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. ഷാഫി പറമ്പിൽ** | | | **ശ്രീ. കെ.ടി. ജലീൽ**<br>**(തദ്ദേശസ്വയംഭരണവും നൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
| (എ) | ഉപേക്ഷിക്കപ്പെട്ടതോ, വിവാഹമോചനം നടത്തിയതോ, വിധവകളോ ആയ സ്ത്രീകൾക്ക് വീട് വയ്ക്കുന്നതിന് നൂനപക്ഷ വികസന കോർപ്പറേഷൻ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; | (എ)<br>(ബി)<br>&<br>(സി) | ഉപേക്ഷിക്കപ്പെട്ടതോ, വിവാഹമോചനം നടത്തിയതോ, വിധവകളോ ആയ സ്ത്രീകൾക്ക് വീട് വയ്ക്കുന്നതിന് നൂനപക്ഷ വികസന കോർപ്പറേഷൻ മുഖേന ധനസഹായം നൽകുന്ന പദ്ധതി നിലവിലില്ല. എന്നാൽ മേൽ വിഭാഗത്തിൽപ്പെട്ട നൂനപക്ഷ സമുദായ അംഗങ്ങൾക്ക് നൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന ഭവന നിർമ്മാണത്തിന് വീടൊന്നിന് രണ്ടര ലക്ഷം രൂപ ക്രമത്തിൽ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. സ്വന്തം പേരിൽ രണ്ട് സെന്റ് ഭൂമിയെങ്കിലും ഉള്ളവരെയാണ് ടി പദ്ധതിയിൽ ധനസഹായം നൽകുന്നതിനായി പരിഗണിയ്ക്കുന്നത്. |
| (ബി) | എത്ര രൂപ ധനസഹായം നൽകും, ഏത് ഏജൻസി വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്; | | |
| (സി) | സ്വന്തമായി സ്ഥലം ഇല്ലാത്തവരെയും ഈ പദ്ധതിയിൽ പരിഗണിക്കുമോ; വിശദാംശം നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**